ആൺകുട്ടികൾക്ക് അനുവദിച്ചിരുന്ന ഹോസ്റ്റൽ പെൺകുട്ടികൾക്കായി അനുവദിച്ച് നൽകുകയും ആൺകുട്ടികൾക്ക് ഡോർമിറ്ററി സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള പ്രസ്സ് അക്കാദമിയിൽ സർക്കാർ അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് മാധ്യമ മേഖലയുമായി ബന്ധപ്പെട്ട് മാധ്യമ പ്രവർത്തകർക്കായി പഠന ഗവേഷണ ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാധ്യമ പ്രവർത്തകരുടെ സാന്നിധ്യം ഉറപ്പുവരുത്തിക്കൊണ്ട് 10 വിഷയങ്ങളിൽ പഠനഗവേഷണം നടത്തുന്നതിന് അച്ചടി, ദൃശ്യ,ശ്രാവ്യ മാധ്യമങ്ങളിൽ നിന്ന് 10 മാധ്യമ പ്രവർത്തകരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഓരോ ഗവേഷകനും ഒരു ലക്ഷം രൂപ വീതം ഗവേഷണ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നതാണ്.

(സി) ഇല്ല. എന്നാൽ മാധ്യമ രംഗത്തെ പ്രവണതകളെ സംബന്ധിച്ച 11 പുസ്തകങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) കേരള പ്രസ്സ് അക്കാദമിയിൽ ജേർണലിസം, പബ്ലിക് റിലേഷൻസ് വിഷയങ്ങളിൽ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളും മൂന്ന് മാസ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സും നടത്തിവരുന്നു.

(ഇ) ജനറൽ റിപ്പോർട്ടിംഗ്, വികസനോന്മുഖ റിപ്പോർട്ടിംഗ്, ന്യൂസ് ഫോട്ടോഗ്രാഫി, കാർട്ടൂൺ, ടെലിവിഷൻ-വാർത്താ, ടെലിവിഷൻ ക്യാമറ, വീഡിയോ എഡിറ്റിംഗ് എന്നീ വിഭാഗങ്ങളിലെ മികച്ച പ്രവർത്തനത്തിനാണ് മാധ്യമ അവാർഡ് നൽകുന്നത്. അവാർഡ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

നിയമനങ്ങളിലെ സംവരണതത്വം

34 (5708) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ധനസഹായം, ശമ്പളം എന്നിവ നൽകുന്ന എയ്ഡഡ് സകൂൾ അടക്കമുള്ള സ്വകാര്യ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ സംവരണതത്വം ഇവിടെയും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly